**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5194** **23.05.2017 ൽ മറുപടിയ്ക്ക്**

## ജാതി കർഷകർ

| **ചോദ്യം**<br>**ശ്രീ.മഞ്ഞളാംകുഴി അലി** | **മറുപടി**<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) ജാതി കൃഷിചെയ്യുന്ന കർഷകർക്ക് മതിയായ പ്രോത്സാഹനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത കർഷകർക്ക് നൽകി വരുന്ന സഹായങ്ങളെന്തെല്ലാമെന്ന് അറിയിക്കുമോ; | എ) 2017-18- ലെ സുഗന്ധ വിള വികസനത്തിനായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് (വിള വിസ്തൃതി വ്യാപനം) ഹെക്ടറിന് 20,000/- രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതി പ്രകാരം ദീർഘകാല സുഗന്ധ വ്യഞ്ജന വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000/- രൂപയും സംയോജിത കീടരോഗ നിയന്ത്രണത്തിന് ഹെക്ടറൊന്നിന് 1,200/- രൂപയും ധനസഹായം നൽകുന്നു. ഈ ധനസഹായം ജാതി കൃഷിയ്ക്കും ലഭിക്കുന്നതാണ്. |
| ബി) ഈ മേഖലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങളെന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) ഉണ്ട്. ഈ മേഖലയിലെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കൃഷി നാശവും വിലയിലെ ഏറ്റക്കുറച്ചിലുമാണ്. കൃഷി നാശം മൂലം വിള നഷ്ടം സംഭവിച്ചാൽ കർഷകന് നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത ജാതി കൃഷി, പ്രകൃതിക്ഷോഭം മൂലമോ വന്യ മൃഗങ്ങളുടെ ആക്രമണം മൂലമോ വിളനാശം സംഭവിച്ചാൽ മരമൊന്നിന് 3,000/- രൂപ എന്ന നിരക്കിൽ കർഷകന് നഷ്ടപരിഹാരം ലഭ്യമാകുന്നതാണ്. ഇൻഷ്വർ ചെയ്യാത്ത വിളയ്ക്ക് |

പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചാൽ കായ്ഫലമുള്ള മരമൊന്നിന് 400/- രൂപയും കായ്ഫലമില്ലാത്തതിന് 150/- രൂപ നിരക്കിലും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായധനമായി കർഷകന് ലഭിക്കുന്നതാണ്.

സി) ജാതിക്ക,ജാതിപത്രി എന്നിവ കൂടാതെ ജാതിക്കയുടെ തൊണ്ട് എന്തിനെല്ലാം ഉപയോഗിക്കാമെന്ന് പരിശോധിച്ചിട്ടുണ്ടോ;ഇതിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കൂട്ടായ്മകൾ സംസ്ഥാനത്ത് നിലവിലുണ്ടോ;എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

സി) ഉണ്ട്. കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോട്ടയം ജില്ലയിൽ കുമരകത്ത് പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ ജാതിക്കയുടെ തൊണ്ട് ഉപയോഗിച്ച് അച്ചാർ, സ്ക്വാഷ് എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്.കുടുംബശ്രീ പോലുള്ള വനിതാ കൂട്ടായ്മകൾക്ക് ഇതു നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു. കൂടാതെ വൈൻ ഉണ്ടാക്കുന്നതിനും, ഉണക്കി പൊടിച്ച് മസാല കൂട്ടുകളിൽ ചേർക്കുവാനും ദഹന സംബന്ധമായ അസുഖങ്ങൾക്ക് ഔഷധമായും ജാതിക്ക ഉപയോഗിക്കുന്നു. സംസ്ഥാനത്ത് താഴെ പറയുന്ന കർഷക കൂട്ടായ്മകൾ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ചെറിയ തോതിൽ ഉല്പാദിപ്പിച്ചു വരുന്നു.

<u>വയനാട് ജില്ല</u>

1. ഹരിത ജൈവ കർഷക വനിതാ സംഘം, പുല്പള്ളി.
2. വയനാട് വനമൂലിക സംരക്ഷണ സംഘം.

<u>കോട്ടയം ജില്ല</u>

ഈരാറ്റുപേട്ട ബ്ലോക്കിൽ ജാതിക്ക തൊണ്ടിൽ നിന്നും ജാതിക്ക വൈൻ, സ്ക്വാഷ് എന്നീ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഗ്രൂപ്പുകൾ.

1. എത്ത്നിക് ഫുഡ് പ്രൊഡക്ട്സ്, പൂഞ്ഞാർ സൗത്ത്.
2. ജാക്ക് അപ്പ് പ്ലാവ് സംഘം, പൂഞ്ഞാർ സൗത്ത്.
3. റോക്ക് സുഗർ ഏജൻസീസ്, പൂഞ്ഞാർ.

വൈക്കം ബ്ലോക്കിലുള്ള ജോർജ്ജ്, വെട്ടോംവേലി, വല്ലകം എന്നയാളിന്റെ ഉടമസ്ഥതയിൽ നട്ട്മെഗ് പൗഡർ ഉണ്ടാക്കുകയും Oleoresine extract ചെയ്ത് കയറ്റുമതി ചെയ്യുകയും ചെയ്യുന്ന ഒരു യൂണിറ്റ് ഉദയനാപുരം പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

| | | |
|---|---|---|
| | | എസ്.എഫ്.എ.സി (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) ഈ സാമ്പത്തിക വർഷത്തിൽ വൈക്കം, അങ്കമാലി, മാള എന്നീ പ്രദേശങ്ങളിൽ ജാതി കർഷകരുടെ ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരിക്കുന്നതാണ്. |
| ഡി) | പാഴാക്കി കളയുന്ന ജാതിക്കയുടെ തൊണ്ട് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കുന്നതിനാവശ്യമായ മാർഗ നിർദ്ദേശവും ബോധവത്ക്കരണവും നൽകുന്നതിനും ഇതിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ സഹായം ഉറപ്പ വരുത്തുമോയെന്ന് വ്യക്തമാക്കുമോ? | ഡി) എസ്.എഫ്.എ.സി യുടെ ആഭിമുഖ്യത്തിൽ ജാതി തൊണ്ടിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ബോധവത്കരണവും പരിശീലനവും നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

s.l[illegible]

**സെക്ഷൻ ഓഫീസർ**